# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

21-03-2012-ൽ മറുപടിയ്ക്ക്

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1466

### " സംസ്ഥാനത്തെ കർഷക ആത്മഹത്യ "

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ആർ. രാജേഷ്** | **ശ്രീ. കെ.സി. ജോസഫ്**<br>**(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ കർഷക ആത്മഹത്യയെ സംബന്ധിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് എന്തെങ്കിലും തരത്തിലുള്ള സർവ്വേ നടത്തിയിട്ടുണ്ടോ; | (എ) 2003 മുതൽ 2007 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള കർഷക ആത്മഹത്യകളെ സംബന്ധിച്ച് 2008 - 09 വർഷത്തിൽ സർവ്വെ നടത്തിയിട്ടുണ്ട്. |
| (ബി) സർവ്വെ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ? | (ബി) 2003 മുതൽ 2007 വരെയുള്ള കാലയളവിൽ 979 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 317 എണ്ണവും വയനാട് ജില്ലയിലാണ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി എന്നീ ജില്ലകളിലായി നൂറിലധികം ആത്മഹത്യകളും എറണാകുളം ജില്ലയിൽ നാല് ആത്മഹത്യകളും നടന്നിട്ടുണ്ട്. കർഷക ആത്മഹത്യയിലേക്ക് നയിച്ച കാരണങ്ങൾ കടബാദ്ധ്യത - 58%, കൃഷിനാശം - 14%, രോഗങ്ങൾ - 7% മറ്റുള്ളവ- 21% എന്നിവയാണ്.<br>ആത്മഹത്യ ചെയ്ത കർഷകരുടെ 865 ലോണുകളിലായി 3.03 കോടി രൂപ സർക്കാർ എഴുതിത്തള്ളിയിട്ടുണ്ട്. ഇവർ ആകെ എടുത്തിട്ടുള്ള 1908 ലോണുകളിൽ 740 എണ്ണം ഉയർന്ന പലിശനിരക്കിൽ സ്വകാര്യ പണമിടപാടുകാരിൽ നിന്നുമാണ് എടുത്തിട്ടുള്ളത്.<br>കാർഷിക ആവശ്യങ്ങൾക്കായി എടുത്ത ആകെ ലോണുകളിൽ 50% മാത്രമേ കൃഷി ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുള്ളു. |

**സെക്ഷൻ ഓഫീസർ.**